# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 91 — 28.01.2019 ലെ മറുപടിക്ക്.

## പ്രവാസി കമ്മീഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമായി രൂപീകരിച്ച പ്രവാസി കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിശദീകരിക്കാമോ ; | (എ) & (ബി) 2015 ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ് (2016 ലെ 3-ാം നമ്പർ ആക്റ്റ്) പ്രകാരം രൂപീകരിച്ച പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ പ്രവാസി ഭാരതീയരായ കേരളീയരുടേയും കുടുംബാംഗങ്ങളുടേയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സംസ്ഥാനത്തിന്റെ വിവിധ ജില്ലകൾ തോറും നിരവധി സിറ്റിംഗുകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. പ്രവാസികളുടെ പരാതികൾക്ക് വിവിധ വകുപ്പുകളും ഏജൻസികളുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഇതിനകം കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. 30.04.2016 മുതൽ 21.01.2019 വരെ സംസ്ഥാനത്തുടനീളം കമ്മീഷൻ 50 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. ഈ കാലയളവിൽ ലഭിച്ച 550-ഓളം പരാതികളിൽ 405 എണ്ണം ഒ.പി.കളായി രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചു വരുന്നു. അവശേഷിച്ച പരാതികളിൽ അതാത് വകുപ്പുകൾ/ഏജൻസി- |
| (ബി) | പ്രവാസി കമ്മീഷൻ ഇതിനകം എത്ര സിറ്റിംഗുകൾ സംഘടിപ്പിച്ചുവെന്നും എത്ര പരാതികൾ ലഭിച്ചുവെന്നും എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | |

| | | | |
|---|---|---|---|
| | | | കളുമായി ബന്ധപ്പെട്ട് പരിഹാരം കണ്ടെത്തുന്നതിന് കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. തിരികെ വന്ന പ്രവാസികൾക്ക് സേവനാനുകൂല്യ- ങ്ങൾ ലഭിക്കുന്നതിനായി കമ്മീഷന്റെ ഗൾഫ് മേഖലയിലെ അംഗങ്ങൾ മുഖേന നടപടി സ്വീകരിച്ചുവരുന്നു. തിരികെ യെത്തുന്ന പ്രവാസികൾക്ക് പുനരധി വാസ സംരംഭങ്ങൾ തുടങ്ങുന്ന തുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവാസികൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളായ വസ്തു/ അതിർത്തി തർക്കം, കുടുംബ പ്രശ്നങ്ങൾ, ധനപരമായി കബളി പ്പിക്കൽ, കേരള പ്രവാസി കേരളീയ ക്ഷേമബോർഡിൽ നിന്നും, നോർക്ക റൂട്ട്സിൽ നിന്നും മറ്റും ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ എന്നിവ യെല്ലാം കമ്മീഷൻ ഇടപെട്ട് പരിഹാരം കണ്ടെത്തുന്നുണ്ട്. കൂടാതെ ഗൾഫ് മേഖലയിലുള്ള കമ്മീഷന്റെ അംഗങ്ങൾ വിദേശ ത്തുള്ള കേരളീയരായ പ്രവാസി കളുടെ വിവിധ പ്രശ്നങ്ങളിലിടപെട്ട് അവർക്ക് നിയമപരമായ എല്ലാ സഹായവും ചെയ്തുവരുന്നു. |
| (സി) | ഏറ്റവും കൂടുതൽ പ്രവാസികളുള്ള മലബാർ മേഖലയിൽ കമ്മീഷന്റെ പ്രവർത്തനം വിപുലീ കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ മേഖലാ ഓഫീസുകളും ജില്ലാ ഓഫീസു കളും ആരംഭിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | മലബാർ മേഖലയിൽ കമ്മീഷന്റെ പ്രവർത്തനം ഇതിനകം തന്നെ വിപുലപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിൽ മാത്രമായി 13 സിറ്റിംഗുകൾ/ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി പ്രവാസികളിൽ അവബോധം സൃഷ്ടിക്കുന്നതിനും, പ്രശ്നങ്ങൾക്ക് പരിഹാരം |

കണ്ടെത്തുന്നതിനും കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. പുതിയ മേഖലാ ഓഫീസുകളും ജില്ലാ ഓഫീസുകളും ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ.